"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം മുരുക്കുംപുഴ സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5232/2026/GEDN തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:- 1. മുരുക്കുംപുഴ സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ മാനേജർ സമർപ്പിച്ച 05.04.2026 ലെ റിവിഷൻ ഹർജി.

**ഉത്തരവ്**

തിരുവനന്തപുരം മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ സൂപ്പർചെക്ക് സെൽ ആഫീസറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഡിവിഷനുകളും തസ്തികകളും അബോളിഷ് ചെയ്തതിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയുടെ അടിസ്ഥാനത്തിൽ **07.08.2026** തീയതിയിൽ ടി സ്കൂളിൽ നേരിട്ട് പോയി അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. അജികുമാർ ആർ., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. അശോക് കുമാർ എസ്. സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീമതി രേഖ മോഹൻ എം. ജി., പൊതുവിദ്യാഭ്യാസ (കെ) വകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. റഹീം പി എന്നിവരെ ചുമതലപ്പെടുത്തിയും ടി ഉദ്യോഗസ്ഥർക്ക് യാത്രാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും ജില്ലാ വിദ്യാഭ്യാസ ഓഫീസറും ടി പരിശോധനയിൽ പങ്കെടുക്കേണ്ടതും പരിശോധന ടീമിന് വേണ്ട സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ. അജികുമാർ ആർ. സെക്ഷൻ ഓഫീസർ, പൊതുവിദ്യാഭ്യാസ (എ) വകുപ്പ്.
ശ്രീ. അശോക് കുമാർ എസ്., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുവിദ്യാഭ്യാസ (എ) വകുപ്പ്,
ശ്രീമതി രേഖ മോഹൻ എം. ജി. അസിസ്റ്റന്റ്, പൊതുവിദ്യാഭ്യാസ (എ) വകുപ്പ്.
ശ്രീ. റഹീം ബി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുവിദ്യാഭ്യാസ (കെ) വകുപ്പ്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അറ്റിങ്ങൽ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Aji Kumar R
Date: 03-08-2026
13:09:20

സെക്ഷൻ ഓഫീസർ